# കേരള സർവകലാശാല

നം. പി.ആർ.248/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

## ബിരുദാനന്തരബിരുദ പ്രവേശനം 2017-18 – യു.ഐ.ടി.കളിൽ പുതുതായി അനുവദിച്ച എം.കോം കോഴ്സുകൾക്ക് അപേക്ഷിക്കാം.

കേരള സർവകലാശാലയുടെ വെള്ളറട, പാറശ്ശാല യു.ഐ.ടി.കളിൽ പുതുതായി അനുവദിച്ച എം.കോം കോഴ്സുകൾക്ക് നവംബർ 17 വൈകുന്നേരം അഞ്ച് മണി വരെ അപേക്ഷ സമർപ്പിക്കാം. മേൽപ്പറഞ്ഞ രണ്ട് യു.ഐ.ടി.കളിലേയ്ക്കുമുള്ള പ്രവേശനത്തിന് വെള്ളറട യു.ഐ.ടി. പ്രിൻസിപ്പലിനാണ് വെള്ളപേപ്പറിൽ തയ്യാറാക്കിയ അപേക്ഷ സമർപ്പിക്കേണ്ടത്. ഏത് യു.ഐ.ടി.യിലെ കോഴ്സിലേയ്ക്കാണ് പ്രവേശനം ആഗ്രഹിക്കുന്നതെന്ന് അപേക്ഷയിൽ കൃത്യമായും രേഖപ്പെടുത്തണം. വെള്ളപേപ്പറിൽ തയ്യാറാക്കിയ അപേക്ഷയോടൊപ്പം ഓൺലൈൻ അപേക്ഷയുടേയും മാർക്ക് ലിസ്റ്റുകളുടേയും സംവരണം/മറ്റാനുകൂല്യങ്ങൾ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകളുടേയും പകർപ്പ് ഉണ്ടായിരിക്കണം. രണ്ട് യു.ഐ.ടി.കളിലേയും എം.കോം കോഴ്സുകൾക്ക് അപേക്ഷിക്കുവാൻ താൽപര്യമുള്ളവർ വെവ്വേറെ അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്. രണ്ട് യു.ഐ.ടി കളിലേയ്ക്കുമുള്ള പ്രവേശനം നവംബർ 24 ന് വെള്ളറട യു.ഐ.ടി.യിൽ വച്ച് നടത്തുന്നതാണ്.

*(എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)*

## കെ മാറ്റ് കേരള 2018 പരീക്ഷയ്ക്കുള്ള അപേക്ഷകൾ സ്വീകരിച്ചു തുടങ്ങി

കേരളത്തിലെ എല്ലാ സർവ്വകലാശാലകളിലേക്കും, സർവകലാശാലകളുടെ കീഴിലുള്ള കോളേജുകളിലേക്കും എം.ബി.എ പ്രവേശനത്തിന് അർഹത നേടുന്നതിന് വേണ്ടിയുള്ള പ്രവേശന പരീക്ഷയായ കെ മാറ്റ് കേരള 2018 ഫെബ്രുവരി നാലിന് നടത്തുന്നതാണ്. കെ മാറ്റ് കേരള 2018, കേരള സർവകലാശാലയുടെ ആഭിമുഖ്യത്തിലും പ്രവേശനമേൽനോട്ട സമിതിയുടെ നിയന്ത്രണത്തിലും ആണ് നടത്തുന്നത്. അപേക്ഷകൾ നവംബർ 16 മുതൽ ഓൺലൈനായി സമർപ്പിക്കാവുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ kmatkerala.in ലഭിക്കും. ഓൺലൈനായി ഫീസ് അടയ്ക്കേണ്ട അവസാന തീയതി ജനുവരി 19, ഓൺലൈൻ അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി ജനുവരി 20 വൈകുന്നേരം 5 മണി വരെ. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ന്യൂസ് എന്ന ലിങ്കിൽ ലഭിക്കും.

## എം.എസ്സി പ്രാക്ടിക്കൽ വൈവ പരീക്ഷകൾ

കേരള സർവകലാശാല ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ എം.എസ്സി മൈക്രോബയോളജി പരീക്ഷയുടെ പ്രാക്ടിക്കൽ വൈവ പരീക്ഷകൾ നവംബർ 21 മുതൽ നടത്തുന്നതാണ്. ആഗസ്റ്റിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്സി ഇലക്ട്രോണിക്സ്, എം.എസ്സി കമ്പ്യൂട്ടർ സയൻസ് പരീക്ഷകളുടെ പ്രാക്ടിക്കൽ യഥാക്രമം 20, 21 മുതൽ അതത് കേന്ദ്രങ്ങളിൽ നടത്തും വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## പ്രാക്ടിക്കൽ, വൈവ പരീക്ഷകൾ

കേരള സർവകലാശാല ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ എം.പി.എ പരീക്ഷയുടെ പ്രാക്ടിക്കൽ, വൈവ പരീക്ഷകൾ നവംബർ 20 മുതലും, എം. എസ്സി ബയോടെക്നോളജി.പരീക്ഷയുടെ വൈവ നവംബർ 28 മുതലും അതത് കേന്ദ്രങ്ങളിൽ നടത്തും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.ടെക് പ്രാക്ടിക്കൽ പരീക്ഷ

കേരള സർവകലാശാല നവംബറിൽ നടത്തിയ ഏഴാം സെമസ്റ്റർ ബി.ടെക് (2013 സ്കീം) റഗുലർ, സപ്ലിമെന്ററി പാർട്ട് ടൈം ഡിഗ്രി പരീക്ഷയുടെ പ്രാക്ടിക്കൽ നവംബർ 23 മുതൽ അതത് കേന്ദ്രങ്ങളിൽ നടക്കും.

## ദേശീയ ലൈബ്രറി വാരാഘോഷം – 2017

കേരള സർവകലാശാല ലൈബ്രറി സംഘടിപ്പിച്ച ദേശീയ ലൈബ്രറി വാരാഘോഷം സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ വൈസ്ചെയർമാൻ ഡോ.പി.എം. രാജൻ ഗുരുക്കൾ ഉദ്ഘാടനം ചെയ്തു. സർവകലാശാല രജിസ്ട്രാർ ഡോ. ജയചന്ദ്രന്റെ അദ്ധ്യക്ഷതയിൽ നടന്ന സമ്മേളനത്തിൽ സിൻഡിക്കേറ്റ് മെമ്പർ ഡോ. കെ. മാണിക്കരാജ് മുഖ്യ പ്രഭാഷണം നടത്തി. സർവകലാശാല ലൈബ്രേറിയൻ-ഇൻ-ചാർജ് എ. ഹംസ, ലൈബ്രറി സ്റ്റാഫ് വെൽഫെയർ അസോസിയേഷൻ സെക്രട്ടറി തുടങ്ങിയവർ സംസാരിച്ചു. സർവകലാശാല പഠനവകുപ്പുകളിലെ പുതിയ ബാച്ചുകൾക്കുള്ള ലൈബ്രറി ഓറിയന്റേഷൻ ക്ലാസ്സിന് ഡോ. പി.കെ. സുരേഷ്കുമാർ നേതൃത്വം നൽകി.

## ബി.എഡ് ഓൺലൈൻ രജിസ്ട്രേഷൻ

കേരള സർവകലാശാല ഡിസംബർ 13 ന് ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ ബി. എഡ് ഡിഗ്രി (2015 സ്കീം) (റഗുലർ/ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി) പരീക്ഷയ്ക്ക് നവംബർ 24 (50 രൂപ പിഴയോടെ നവംബർ 27, 125 രൂപ പിഴയോടെ നവംബർ 29) വരെ ഫീസ് അടച്ച് ഓൺലൈൻ രജിസ്ട്രേഷൻ ചെയ്യാവുന്നതാണ്. ഓൺലൈൻ രജിസ്ട്രേഷൻ നവംബർ 17 ന് ആരംഭിക്കുന്നതാണ്.

## ദേശീയ അറബി ഗവേഷക കോൺഫറൻസ്

കേരള സർവകലാശാല അറബിക് വിഭാഗം ഗവേഷക യൂണിയന്റെ ആഭിമുഖ്യത്തിൽ ദേശീയ അറബി ഗവേഷക കോൺഫറൻസ് സംഘടിപ്പിച്ചു. ന്യൂഡൽഹി ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റി അറബിക് വിഭാഗം പ്രൊഫസർ ഡോ. മുഹമ്മദ് അസ്‌ലം ഇസ്‌ലാഹി കോൺഫറൻസ് ഉദ്ഘാടനം ചെയ്തു. ഗവേഷകർ വിവിധ സെഷനുകളിൽ പ്രബന്ധം അവതരിപ്പിച്ചു.

## ബി.ആർക്ക് ഫലം

കേരള സർവകലാശാല 2016 ഡിസംബറിൽ നടത്തിയ അഞ്ചാം സെമസ്റ്റർ ബി. ആർക്ക് (റഗുലർ ആന്റ് സപ്ലിമെന്ററി-2013 സ്കീം) പരീക്ഷാഫലം സർവകലാശാല വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.എ ഫലം

കേരള സർവകലാശാല ജനുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എ അറബിക് ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ, ഇസ്ലാമിക് ഹിസ്റ്ററി, മ്യൂസിക്, പബ്ലിക് അഡ്മിനിസ്ട്രേഷൻ, സംസ്കൃതം ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ, എച്ച്.ആർ.എം പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

തിരുവനന്തപുരം.
15.11.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

**e-mail:** ku.release@gmail.com **website:** www.keralauniversity.ac.in

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**